**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5061** **11-08-2021 - ൽ മറുപടിയ്ക്ക്**

**എ.ഡി.എസ്., സി.ഡി.എസ്. തെരഞ്ഞെടുപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ കുടുബശ്രീയുടെ എ.ഡി.എസ്., സി.ഡി.എസ്. എന്നിവയിലേക്ക് മാറ്റിവെച്ച തെരഞ്ഞെടുപ്പുകൾ എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ്. ഭരണ സമിതികളുടെ തെരഞ്ഞെടുപ്പ് കാലാവധി, 12/07/2021 തീയതിയിലെ സ.ഉ.(കൈ) നം.135/2021/തസ്വഭവ പ്രകാരം തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണ സമിതി ചുമതലയേല്ക്കും വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തെരഞ്ഞെപ്പ് എപ്പോൾ നടത്തുമെന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | കുടുബശ്രീ വഴി ഈ സാമ്പത്തികവർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | കുടുംബശ്രീ മുഖേന ഈ സാമ്പത്തിക വർഷം സൃഷ്ടിക്കാനുദ്ദേശിക്കുന്ന തൊഴിലവസരങ്ങൾ താഴെപ്പറയുന്നവയാണ്:- 1.കുടുംബശ്രീ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷനു കീഴിൽ ഈ വർഷം 6,549 പേർക്ക് സ്വയംതൊഴിൽ നൈപുണ്യ പരിശീലനവും, സ്വയം തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. 2.കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവയുടെ ഭാഗമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതിയായ 'യുവകേരളം' പദ്ധതികളിലൂടെ 24,006 ഗുണഭോക്താക്കൾക്ക് നൈപുണ്യ പരിശീലനം ആരംഭിക്കുന്നതിനും 18,207 പേരുടെ പരിശീലനം പൂർത്തീകരിക്കുന്നതിനും 13,655 പേർക്ക് ജോലി ലഭ്യമാക്കുന്നതിനും ആണ് തീരുമാനിച്ചിരിക്കുന്നത്. 3.ദേശീയ ഗ്രാമീണ ഉപജീവന മിഷനു കീഴിലുള്ള Startup Village Enterprise Programme (SVEP)പ്രകാരം ഈ വർഷം 7,498 സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. 4.കുടുംബശ്രീ സൂക്ഷ്മസംരംഭ രൂപീകരണത്തിലൂടെ ഈ വർഷം 15,000പേർക്ക് തൊഴിൽ നല്കുന്നതിനാണ് |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. 5. പുതുതലമുറ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി 18 - 40 പ്രായ പരിധിയിലുള്ള യുവതികളുടെ യൂണിറ്റുകൾ ഒരു വാർഡിൽ ഒന്നു വീതം രൂപീകരിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കും. |

സെക്ഷൻ ഓഫീസർ